**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 104** **07-02-2023 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ മേഖലയിലെ മുന്നേറ്റം തുടരാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ മുന്നേറ്റം തുടരാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമാ വികസനങ്ങൾ നടപ്പിലാക്കുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും പ്രസ്തുത പദ്ധതി 'വിദ്യാകിരണം' എന്ന പേരിൽ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കി കൊണ്ടിരിക്കുകയുമാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ, ഹൈടെക് ലാ പദ്ധതികൾ നടപ്പിലാക്കി. സ്കൂളുകളെ അന്താരാ നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പ്രത്യേകം ഊന്നൽ നൽകിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.<br><br>**സമഗ്രശിക്ഷാ കേരളം മുഖാന്തിരം ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.**<br><br>1. ക്വാളിറ്റി - എൽ.ഇ.പി (പഠനപോഷണ പരിപാടികൾ)<br><br>മലയാളത്തിളക്കം, ഹലോഇംഗ്ലീഷ്, ഹലോവേൾഡ്, സുരിലീ ഹിന്ദി, സംസ്കൃതമാധുര അഹ്ലൻ അറബിക്, പ്യാരി ഉറുദു, ഗണിതവിജയ വായനാക്കാർഡുകൾ, ഭൂമിശാസ്ത്രലാബുകൾ, സ്കൂൾ വെതർസ്റ്റേഷൻ, ശലഭപാർക്ക്, ശാസ്ത്രപാർക്ക്, ഗണിതോത്സവം, ശാസ്ത്രകൗതുക |

2.ക്വാളിറ്റി- രാഷ്ട്രീയ ആവിഷ്ക്കാർ അഭിയാൻ

ശാസ്ത്രപഥം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി മെന്ററിംഗ്, ഗണിതകിറ്റ്, ശാസ്ത്രകിറ്റ്, ക്വിസ് പ്രോഗ്രാമുകൾ, ശാസ്ത്രപ്രോഗ്രാമുകൾ, ടിങ്കറിംഗ് ലാബ്, ശാസ്ത്ര-ഗണിതക്ലബ് പ്രവർത്തനങ്ങൾ, ഗണിതപാർക്ക്

3.ക്വാളിറ്റി - ഇന്നവേഷൻ

വർക്ക് എജ്യൂക്കേഷൻ, ഇന്നൊവേറ്റീവ് പ്രോഗ്രാംസ് ഫോർ കൊമേഴ്സ്, ജില്ലാ സ്പെസിഫിക് പ്രോഗ്രാമുകൾ, അക്സസ് ഫോക്കസ്ഡ് ഇന്നൊവേറ്റീവ് പ്രോഗ്രാം പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, ഊരുവിദ്യാകേന്ദ്രങ്ങൾ, ടാലന്റ് ലാബ് പ്രവർത്തനങ്ങൾ

4.ഫൗണ്ടേഷൻ ലിറ്ററസി & ന്യൂമറസി

വായനാച്ചങ്ങാത്തം, ഉല്ലാസഗണിതം, ഗണിതവിജയം, കുഞ്ഞുവായന

5.സ്കൂൾ ലൈബ്രറി/ക്ലാസ് ലൈബ്രറി ശാക്തീകരണം

6. പ്രീ സ്കൂൾ പ്രവർത്തനങ്ങൾ

7.മെച്ചപ്പെട്ട രീതിയിലുള്ള അധ്യാപക പരിശീലനം, രക്ഷാകർതൃപരിശീലനം

8.വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ

9.ഇൻക്ലൂസീവ് എജ്യൂക്കേഷൻ

10.കലാകായിക വർക്ക് എജ്യൂക്കേഷൻ, ജെന്റർ & ഇക്വിറ്റി പ്രോഗ്രാം

**എസ്.സി.ഇ.ആർ.റ്റി മുഖാന്തിരം ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.**

1. ശാസ്ത്രരംഗത്തും ആധുനിക സാങ്കേതിക രംഗത്തും ബോധനശാസ്ത്ര രംഗത്തും ഉണ്ടായ വികാസത്തെ പരിഗണിച്ചുള്ള പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2. അധ്യാപക വിദ്യാഭ്യാസം

| | | | |
|---|---|---|---|
| | | | 3.സഹിതം-മെന്ററിംഗ് പോർട്ടലുമായി ബന്ധപ്പെട്ട് സംസ്ഥാന, ജില്ലാതല പരിശീലനങ്ങൾ.<br><br>4.കേരള സ്കൂൾ എഡ്യൂക്കേഷൻ കോൺഗ്രസ്<br><br>5.സ്റ്റേറ്റ് അച്ചീവ്മെന്റ് സർവ്വേ (SAS)<br><br>**സീമാറ്റ്-കേരള വഴി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.**<br><br>1. EVOLVE- എൽ.പി/യു.പി പ്രഥമ അധ്യാപകർക്കുള്ള മാനേജ് മെന്റ് പരിശീലനം<br><br>2. INFUSION – ഹൈസ്കൂൾ പ്രഥമ അധ്യാപകർക്കുള്ള എഡ്യൂക്കേഷൻ മാനേജ് മെ പ്രോഗ്രാം പുന:രാവിഷ്കരിച്ചിരിക്കുന്നത് INFUSION എന്ന പേരിലാണ്.<br><br>3. ABSOLUTE – ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കുള്ള പ്രത്യേക പരിശീലനം<br><br>4. PATH – വൊക്കേഷണൽ ഹയർസെക്കന്ററ സ്കൂളുകളിലെ കരിയർ മാസ്റ്റർക്കായുള്ള പ്രത്യേക പരിശീലനം.<br><br>5. INSPIRE -പൊതുവിദ്യാഭ്യാസ വകുപ്പിലെ അനധ്യാപകർക്കായി ആവിഷ്കരിച്ചിട്ടുള്ള ഈ പരിപാടിയുടെ ഫൗണ്ടേഷൻ ലെവൽ പ്രോഗ്രാം.<br><br>6. BEYOND – AEOs, DEOs, RDDs, Dds, Ads, DIET പ്രിൻസിപ്പൽമാർ തുടങ്ങി വിദ്യാഭ്യാസ വകുപ്പിലെ നേതൃസ്ഥാനീയരായ ഉദ്യോഗസ്ഥർക്ക് നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പരിശീലന പരിപാട<br><br>7. ഗോത്രമേഖലയിൽ നിലനിൽക്കുന്ന വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ചുള്ള പഠനം<br><br>8. കോവിഡ് മഹാമാരി പൊതുവിദ്യാഭ്യാസ രംഗത്ത് ഉളവാക്കിയ ആഘാതം സംബന്ധിച്ച പഠനം.<br><br>No to Drugs ക്യാപെയ്ൻ ഭാഗമായി നടത്തിയ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ |
| (ബി) | പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ മികച്ച പരിശീലനം നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ മികച്ച പരിശീലനം നൽകുന്നതിന് സമഗ്ര ശിക്ഷാ കേരളയുടെ ആഭിമുഖ്യത്തിൽ ഹലോ ഇംഗ്ലീഷ്, ഹലോ വേൾഡ് എന്നീ പരിശീലന |

| | | | |
|---|---|---|---|
| | | | പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് സ്കൂൾ പാഠ്യപദ്ധതിയിൽ സവിശേഷമായ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ